# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3886 — 12.12.2018-ൽ മറുപടിക്ക്

## ശബരിമലയിൽ ക്രമസമാധാന പാലനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.വി.എസ്.ശിവകുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമലയിൽ പതിനയ്യായിരത്തിലധികം പോലീസുകാരെ ക്രമസമാധാനപാലനത്തിനായി വിന്യസിച്ചിട്ടും സ്ഥിതി ശാന്തമാക്കാൻ നിരവധി കേസുകളിൽ പ്രതിയായ ആർ.എസ്.എസ്. നേതാവിനെ ഏൽപ്പിച്ചത് മുഖ്യമന്ത്രിയുടേയോ പോലീസ് മേധാവിയുടേയോ അറിവോടെ ആയിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) ശബരിമലയിൽ ഒരേ സമയം പതിനയ്യായിരത്തിലധികം പോലീസുകാരെ ക്രമസമാധാനപാലനത്തിനായി വിന്യസിച്ചിട്ടില്ല. |
| (ബി) ക്രമസമാധാന പാലനത്തിന് പോലീസ് ഏൽപ്പിച്ചയാൾ കൊലക്കേസിൽ മുഖ്യ പ്രതിയായി വിചാരണ നേരിടുന്ന വ്യക്തിയാണോ; | (ബി) ക്രമസമാധാന പാലനത്തിനായി പോലീസുദ്യോഗസ്ഥരെയല്ലാതെ ആരെയും ശബരിമലയിൽ നിയോഗിച്ചിട്ടില്ല. |
| (സി) കണ്ണൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അക്രമ പരിശീലനം നേടിയവരും സ്വാമി വേഷധാരികളായി എത്തിയവരുമായ ഇരുന്നൂറോളം പേരുടെ നേതാവാണ് ഈ വ്യക്തി എന്ന് രഹസ്യാന്വേഷണ വിഭാഗം റിപ്പോർട്ട് നൽകിയിരുന്നോ; | (സി) യും (ഡി) യും അക്രമ പരിശീലനം സിദ്ധിച്ച ഒട്ടേറെപേർ ശബരിമലയിൽ ഉണ്ടായിരുന്നു. മാധ്യമങ്ങൾ ഇക്കാര്യം റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. |
| (ഡി) ഭരണകക്ഷി പാർട്ടിയുടെ മുഖപത്രത്തിൽ ഇപ്രകാരം പരാമർശം വന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ